# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എൻമകജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി.5/705/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 24/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എൻമകജെ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി.5/705/21 തീയ്യതി: 24/11/2021

**കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 24-09-2021 | 06-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2021 | 06-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശാരദ വൈ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| സോമശേഖര.ജെ.എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| മറിയ ഗൊറോത്തി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.പി.കൃഷ്ണപിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-06-2020 |
| പീതാംബരന് | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 30-06-2020 |
| എൽ.എക്സ്.വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2020 | 02-02-2021 |
| ബോബിമോൻ സെവ്യര് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2021 | 31-03-2021 |
| ശ്രീജിത്ത്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| വിനീത് .പി വർമ്മ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ജനാർദ്ദന നായിക്ക് | പ്രധാനധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.നസ്രീൻ ഫാത്തിമ.എം.എസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 25-09-2020 |
| ഡോ.ഇ.ചന്ദ്രബാബു | വെറ്റിനറി സർജ്ജൻ | 19-01-2021 | 31-03-2021 |
| ഡോ.ദീപ രാജ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ജയശ്രീ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 11-12-2020 |
| ഡോ.ദീപ്തി.പി.ടി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 12-12-2020 | 31-03-2021 |
| അനിൽ കുമാർ.എ.ജി | ഫിഷരീഷ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സനു ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(കാടുകുക്കെ സർക്കിൾ) | | |
| സജിത കുമാരി.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പെർള സർക്കിൾ) | 01-04-2020 | 09-09-2020 |
| സനു ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പെർള സർക്കിൾ ചാർജ് ) | 10-09-2020 | 15-10-2020 |
| ജോൺസണ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പെർള സർക്കിൾ ) | 16-10-2020 | 31-03-2021 |
| സുലോചന.കെ.ടി | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 21-11-2020 |
| സുശീല.പി.എസ് | എെ.സി.ഡി.എസ് സൂപ്പർവൈസർ | 22-11-2020 | 31-03-2021 |
| ഡോ.അനുരാജ് ആർ | വെറ്റിനറി സർജ്ജൻ | 26-09-2020 | 18-01-2021 |
| അജയൻ | ഡയറി ഫാം ഇൻസ്ട്ക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2 |
| 3 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-1 |
| 4 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-2 |
| 5 | പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-3 |
| 6 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-4 |
| 7 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-5 |
| 8 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-6 |
| 9 | രജിസ്ററർ സൂക്ഷിപ്പ്-അപാകതകൾ<br>Written By: Jayananda. H (Audit Officer, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-2-7 |
| 10 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-3 |
| 11 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-11-2021) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-6 |
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-8 |

| | | |
|---|---|---|
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-9 |
| 17 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-10 |
| 18 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-11 |
| 19 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-12 |
| 20 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 07-10-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 07-10-2021) | 1-13 |
| 21 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-14 |
| 22 | ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .<br>Written By: Babu M (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-11-2021) | 1-15 |
| 23 | കാലികമല്ലാത്ത നികുതി രശീതുകൾ ഹാജരാക്കി ആനുകൂല്യങ്ങൾ അനുവദിച്ചു.<br>Written By: Babu M (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-16 |
| 24 | ഇ ടെണ്ടർ -ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-17 |
| 25 | കെട്ടിട നിർമ്മാണത്തിന് അനുമതി നല്കൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: Janardanan C (Senior Grade Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-18 |
| 26 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.<br>Written By: Janardanan C (Senior Grade Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-19 |
| 27 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-11-2021) | 1-20 |
| 28 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-10-2021) | 1-21 |
| 29 | പട്ടിക വർഗ്ഗ കോളനികളിൽ ഇലക്ട്രിഫിക്കേഷൻ -പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-10-2021) | 1-22 |
| 30 | ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-23 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | |
| 31 | തെരുവ് വിളക്ക് ലൈൻ വലിച്ച് സ്ഥാപിക്കൽ  പദ്ധതി - അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-10-2021) | 1-24 |
| 32 | ബജക്കുടുളു, മഹാലിംഗേശ്വര റോഡ്,ബംഗപ്പദവ് , നൽക എന്നിവിടങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-10-2021) | 1-25 |
| 33 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ഹൈസ്പീഡ് സ്കാനർ പ്രിന്ററർ ലാപ്ടോപ് അനുബന്ധ ഉപകരണങ്ങൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-11-2021) | 1-26 |
| 34 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം.<br>Written By: Gopalakrishna Nayik (Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-11-2021) | 1-27 |
| 35 | പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Jayananda. H (Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-28 |
| 36 | പട്ടിക ജാതിവിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Jayananda. H (Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-29 |
| 37 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-10-2021) | 1-30 |
| 38 | വയോജനങ്ങൾക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകത-<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-11-2021) | 1-31 |
| 39 | അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണത്തിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-11-2021) | 1-32 |
| 40 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടാപ്പ് & ഫർണിച്ചർ- വിതരണത്തിലെ അപാകതകൾ . .<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-33 |
| 41 | പള്ളം, ഗുണാജെ ,മലങ്കര അംഗൻവാടികൾക്ക് എ).സി. (Air Condition) ഘടിപ്പിക്കൽ<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-34 |
| 42 | പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-35 |
| 43 | അംഗൻവാടികളിലേക്ക് ന്യൂട്രീമിക്സ് വിതരണത്തിലെ അപാകതകൾ | 1-36 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | |
| 44 | അഗതി രഹിത കേരളം (DFA)- പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് - 10,90,655/- ലക്ഷം രൂപ<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-37 |
| 45 | പദ്ധതി പൂർത്തീകരണ രേഖകൾ പരിശോധനയ്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 09-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-38 |
| 46 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 10-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Gopalakrishna Nayik (Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Gopalakrishna Nayik (Audit Officer, On 04-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 04-10-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Gopalakrishna Nayik (Audit Officer, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 04-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 04-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gopalakrishna Nayik (Audit Officer, On 04-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 04-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 05-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 05-10-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 04-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 04-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: Gopalakrishna Nayik (Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | (1/1) തീയതി 30-03-2020 | (1/2) തീയതി 18-02-2021 |
| മുന്നിരിപ്പ് | 9,95,656 | 1,92,75,145 |
| വരവ് | 27,27,36,000 | 27,27,36,000 |
| ആകെ | 27,37,31,656 | 29,20,11,145 |
| ചെലവ് | 27,26,31,000 | 27,40,31,000 |
| നീക്കിയിരിപ്പ് | 11,00,656 | 1,79,80,145 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-2-2 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-3 പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. ഇത് പാലിക്കപ്പെട്ടില്ല.

**1-2-4 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101- പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹7,516/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

**1-2-5 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.**

സാമ്പത്തിക വർഷാവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾ (ക്യൂ ബില്ലുകൾ) ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

**1-2-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,81,34,131/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,50,53,839/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-2-7 രജിസ്ററർ സൂക്ഷിപ്പ്-അപാകതകൾ**

1) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

2) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അഡ്വാൻസ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

5) വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 1,22,16,072/- രൂപയാണ് ബാദ്ധ്യത നിലനിൽക്കുന്നത്. എന്നാൽ, സുകൃതം വായ്പ രജിസ്റ്റർ പ്രകാരം 13,73,287/- ആണ് അടക്കാൻ ബാക്കി നിൽക്കുന്നത്.

6) RP 31 – ലുള്ള വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

7) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 2,39,900/- രൂപ, വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 89,578/- രൂപയുണ്ട്. എന്നാൽ ഇത് പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 2,50,53,839 |
| വരവ് | 9,10,16,564 |
| ആകെ | 11,60,70,403 |
| ചെലവ് | 10,91,50,695 |
| നീക്കിയിരിപ്പ് | 69,19,708 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,90,43,907 | 1,90,43,907 | 2,07,91,145 | (-) 17,47,238 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 22,21,968 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 24 ബില്ലുകളിലായി 21,69,955 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 5051118 | 5051118 | 3930865 | 1120253 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,31,882 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 3 ബില്ലുകളിലായി 8,17,509 രൂപയുടെ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബില്ല കൾ ക്യൂബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 15740529 | 15740529 | 9691200 | 6049329 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 4,68,471 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 11 ബില്ലുകളിലായി 41,14,521 രൂപ യുടെ ബില്ലുകൾ ക്യൂബിൽ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 12810000 | 12810000 | 10869595 | 1940405 | പട്ടികയിലെ ചെലവു തുക കൂടാതെ 6 ബില്ലുകളിലായി 20,24,775 രൂപ യുടെ ബില്ലുകൾ ക്യൂആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5871012 | 5871012 | 4478612 | 1392400 | പട്ടികയിലെ ചെലവു തുക കൂടാതെ 3 ബില്ല കളിലായി 3,32,256 രൂപ യുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 41,45,000 | 41,45,000 | 14,39,645 | 27,05,355 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1,68,54,716 | 1,68,54,716 | 1,02,44,764 | 66,09,952 | പട്ടികയിലെ ചെലവു തുക കൂടാതെ 15 ബില്ലുകളിലായി 48,62,497 രൂപ യുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട് |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 1,29,75,187 | 1,29,75,187 | 37,70,706 | 92,04,481 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3,68,751 | 2,08,03,261 | 2,11,72,012 | 2,11,28,015 | 43,997 | |
| ICDS | 20,43,620 | 16,24,364 | 36,67,984 | 14,83,546 | 21,84,438 | |
| NPRPD | 3,00,000 | 0 | 3,00,000 | 0 | 3,00,000 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ- | | | | | | |
| ശുചിത്വമിഷൻ ഫണ്ട് | 7,47,679 | 21,13,868 | 28,61,547 | 2,36,336 | 26,25,211 | |
| വിധവകളുടെ | 0 | 7,50,000 | 7,50,000 | 7,50,000 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | | | | | | |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 83,000 | 83,000 | 83,000 | 0 | |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 325 | 12,67,28,695 | 255 | 7,36,85,954 | 21 | 49 | 78.46 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകളുടെ വിവരം | | 20120-21 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 40 | 1,16,72,244 | 29 | 62,43,660 | 53.49 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 185 | 5,14,41,163 | 140 | 3,26,04,132 | 63.38 |
| 3 | കൃഷി ഓഫീസർ | 14 | 54,35,399 | 14 | 45,26,985 | 83.28 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 3,56,76,306 | 20 | 1,44,94,379 | 40.62 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 69,12,590 | 11 | 55,84,527 | 80.78 |
| 6 | വെറ്റനറി സർജ്ജൻ | 5 | 13,16,800 | 5 | 11,31,850 | 85.95 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 2,00,000 | 2 | 2,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 15 | 30,89,712 | 14 | 21,74,922 | 70.39 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 26,20,100 | 2 | 21,47,835 | 82 |
| 10 | പ്രധാനാധ്യാപകൻ | 11 | 33,57,281 | 10 | 29,06,263 | 86.56 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് | 2 | 3,84,000 | 2 | 93,675 | 24.39 |

| | | | | | | |
|---|---|---|---|---|---|---|
| | ഫിഷറീസ് | | | | | |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 46,23,100 | 6 | 15,77,726 | 34.12 |
| | ആകെ | 325 | 12,67,28,695 | 255 | 7,36,85,954 | 58.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 3,68,751 | 15,68,549 | 19,37,300 | 18,93,303 | 43,997 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,92,34,712 | 1,92,34,712 | 1,92,34,712 | 0 |
| ആകെ | 3,68,751 | 2,08,03,261 | 2,11,72,012 | 2,11,28,015 | 43,997 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 585 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 12.81 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 214.3653 ലക്ഷം രൂപയുടെ 120 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 57,261 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 117 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8,11,700 | 591 |
| വിധവാ പെൻഷൻ | 1,27,90,200 | 9320 |
| വാർദ്ധക്യകാല പെൻഷൻ | 2,48,90,700 | 18160 |
| വികലാംഗ പെൻഷൻ | 48,87,700 | 3527 |
| അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 6,97,200 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 7,50,000 | 25 |
| തൊഴിലില്ലായ്മ വേതനം | 20,160 | 26 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-09-2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 5,874/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 6 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ലൈബ്രേറിയൻ (ഫുൾ ടൈം) | 1 |

**ഓഫീസ് ജോലി വിഭജനം**

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 24 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 3 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും

സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ /വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-09-2021 മുതൽ 14-09-2021 വരെ | 03/2021 മുതൽ 08/2021 വരെ | 29-09-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-09-2014 മുതൽ 24-09-2014 വരെ | 2013-14 | 13-11-2014 |

**1-11 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപ നികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 3,92,295 |
| ആകെ | 3,92,295 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു.

**1-12 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1 (ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE&OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ എന്മകജെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 10 റേഷൻ കടകൾ ഒന്നും നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 235 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) പി. ഹസ്സയിനാർ

2)സി. എം. അബ്ദുള്ള കുഞ്ഞി

3)അഹമ്മദ് ഷരീഫ്

4) എസ്. മുഹമ്മദ്

5) മുഹമ്മദ് സാബിർ ജി.എച്ച്.

6) പി. അബ്ദുൾ കാദർ

7) അബൂബക്കർ സിദ്ദീഖ്

8) സാബിത് എം.

9) മൂസ എം.

10) കെ അബ്ദുൾ റഹിമാൻ

11) ഖലീൽ എസ്.എം.

12) മുഹമ്മദ് ഇസ്മയിൽ

മേൽ സൂചിപ്പിച്ച ഓരോ കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 10 റേഷൻ കടകളിൽ നിന്നും 2020-21 രണ്ട് അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | ഇതുവരെ കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് | പ്രൊജക്ട് നമ്പർ / പേര് |
|---|---|---|---|---|---|---|
| 1 | തിമ്മ നായ്ക്ക് S/O വെങ്കപ്പ നായ്ക്ക് ശാന്ത പ്പദവ് അഡ്യനഡ്ക്ക, | 6,00,000 ബിൽ നമ്പർ 34/ തിയ്യതി 14.01.2021 | 90,000 | 5,10,000 | ഭവന നിർമ്മാണം ആരംഭിച്ചി ട്ടില്ല | 0013/21 പട്ടിക വർഗ്ഗം ഭവന പദ്ധതി |
| 2 | സീത W/O ശിവപ്പ നായ്ക്ക് 206-B ചേരാൽ | 6,00,000 | 3,20,000 | 2,80,000 | ഭിത്തി | 0013/21 പട്ടിക വർഗ്ഗം ഭവന പദ്ധതി |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | മല്ലിക ബി.എൻ W/O ഗംഗാധര സൂർഡെല്യ , പെർള | 6,00,000 | 4,20,000 | 1,80,000 | മേൽക്കൂര | 0013/21 പട്ടികവർഗ്ഗം ഭവന പദ്ധതി |

ഇതിൽ ക്രമ 1 ലെ ഗുണഭോക്താവ് , അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-16 കാലികമല്ലാത്ത നികുതി രശീതുകൾ ഹാജരാക്കി ആനുകൂല്യങ്ങൾ അനുവദിച്ചു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ/ പേര് : 41/2020-21 / വാഴക്കന്ന് വിതരണം (ജനറൽ)

അടങ്കൽ തുക : 3,40,000

ചെലവ് തുക : 3,40,000

ബിൽ നമ്പർ /തിയ്യതി : 06/2019-20 / 19.10.2020

ഫണ്ട് ഇനം : വികസന ഫണ്ട് (ജനറൽ)

വാഴക്കന്ന് വിതരണം (ജനറൽ) പ്രൊജക്ടിനായി 2020-21 വർഷത്തിൽ കൃഷി ഓഫീസർ 3,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോടോം ബേളൂർ ജൈവ കർഷക സമിതി , മേന്മ ഇക്കോ ഷോപ്പിൽ നിന്നും ഒരു വാഴക്കന്നിന് 20/- രൂപ വീതം ( ഇൻവോയിസ് നമ്പർ 095 തിയ്യതി 23.09.2020 ) 17,000 എണ്ണം വാഴക്കന്നുകൾ വിതരണത്തിനായി വാങ്ങിയിട്ടുണ്ട്. 278 പേരുടെ അംഗീകൃത ഗുണഭോക്തൃപ്പട്ടികയിൽ 166 (150 + 16 = 166) ഗുണഭോക്താക്കൾക്ക് 100% സബ്സിഡി ഇനത്തിൽ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. 150 ഗുണഭോക്താക്കൾക്ക് 100 എണ്ണം വീതം വാഴക്കന്നുകളും 16 ഗുണഭോക്താക്കൾക്ക് 125 എണ്ണം വാഴക്കന്നുകളുമായി ആകെ 17000 എണ്ണമാണ്, സബ്സിഡി ഇനത്തിൽ വിതരണം നടത്തിയിട്ടുള്ളത് (150 X 100 = 15000 + 16 X 125 = 2000) . പദ്ധതി നടത്തിപ്പിൽ കാലികമല്ലാത്ത നികുതി രശീതുകൾ ഹാജരാക്കി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട് . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേൽവിലാസം | നികുതി രശീതിയുടെ സാമ്പത്തീക വർഷം |
|---|---|---|
| 1 | സദാശിവ.എം,ബൈരട്ടുക്ക, വാണിനഗർ | 2019-20 |
| 2 | വാരിജ.W/Oനാരായണ മൂല്യ കുർളിഗയ | 2018-19 |
| 3 | ലിങ്കണ്ണ നായ്ക്ക് S/O കൃഷ്ണപ്പ നായ്ക്ക് , കോടന്നൂർ | 2019-20 |
| 4 | ലിങ്കപ്പ, കുളാൽ , ഗുണാജെ അരിയപ്പാടി | 2019-20 |
| 5 | ഫൗസിയ W/O അബൂബക്കർ ബൺപുത്തടുക്ക | 2019-20 |

ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ് .

**1-17 ഇ ടെണ്ടർ -ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.**

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ്

ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2020-2021 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 9 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 35,916/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കെട്ടിട നിർമ്മാണത്തിന് അനുമതി നല്കൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്മെൻറ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രൊഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ , കെട്ടിട നമ്പർ നല്കിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നല്കി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്കു ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വൗച്ചർ നം. 22100148 /03.06.2021 (ചെക്ക് നം.012722 തീയതി 02.06.2021) പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 2,90,281/- രൂപയും വൗച്ചർ നം. 22100149 പ്രകാരം 21,775/- രൂപയും (ചെക്ക് നമ്പർ 012722 തീയതി 02.06.2021) ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | ബോബിമോൻ സേവിയർ , ഹെഡ് ക്ലർക്ക് | 57054/- |
| 2 | ഹൈത്തപ്പ നായിക്ക് , അക്കൗണ്ടന്റ് | 54390/- |
| 3 | ജിതേഷ് വി., സീനിയർ ക്ലാർക്ക് | 45843/- |
| 4 | മഞ്ജു എ. സി., സീനിയർ ക്ലാർക്ക് | 41514/- |
| 5 | ശിവ പ്രസാദ് എം., ക്ലാർക്ക് | 38517/- |
| | | |

| | | |
|---|---|---|
| 6 | രാഗിഷ വി. ആർ., ക്ലാർക്ക് | 30304 |
| 7 | മഞ്ജേഷ് കുമാർ, ക്ലാർക്ക് | 22659/- |
| 8 | ജമാല്യ ബി., പാർട്ട് ടൈം ലൈബ്രേറിയൻ | 12043/- |
| 9 | ഇന്ദിരക്കുട്ടി , പാർട്ട് ടൈം സ്വീപ്പർ | 9732/- |
| | ആകെ | 3,12,056/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല. കൂടാതെ 2021-2022 സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ തുക ജീവനക്കാർക്ക് അനുവദിക്കുന്നത് പണമായാണോ / ജി.പി.എഫ് അക്കൗണ്ടിലേക്കാണോ എന്നതു സംബന്ധിച്ചും സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്.

**<u>1-20 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.</u>**

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. Perla Servise Co-Operative പെർള ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 9718) ആരംഭിച്ചിട്ടുണ്ട്. 14.12.2016 ന് Perla Servise Co-Operative ബാങ്കിൽ ആരംഭിച്ച ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നുംതന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. അതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

**<u>1-21 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.</u>**

ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 3,92,295/- കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യും ഗ്രാമ പഞ്ചായത്തും നാളിതു വരെയായും സംയുക്തമായി പരിശോധന നടത്തി, പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ എത്രയെണ്ണമുണ്ടെന്നും അവയുടെ തരം ഏതൊക്കെയാണെന്നും നിർണ്ണയിച്ചതായി കാണുന്നില്ല. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 പട്ടിക വർഗ്ഗ കോളനികളിൽ ഇലക്ട്രിഫിക്കേഷൻ -പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല**

1) മൈലക്കാന പട്ടിക വർഗ്ഗ കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 0261/21 മൈലക്കാന പട്ടിക വർഗ്ഗ കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 94,000/- രൂപ<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് തുക | 91,445/- രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 213/ 09.09.2020 |
| കരാറുകാരൻ<br>അക്കൗണ്ട് നം. 0321081000010049 | സുബിൻ ആന്റണി<br>തുക 91,445/-രൂപ |

2) കൊല്യ പട്ടിക വർഗ്ഗ കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ

| | |
|---|---|
| പ്രൊജക്ട് നം. /പേര് | 0262/21 / കൊല്യ പട്ടിക വർഗ്ഗ കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 94,000/-രൂപ<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് തുക | 92,768/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 214/09.09.2020 |
| കരാറുകാരൻ<br>അക്കൗണ്ട്നം.0321081000010049 | സുബിൻ ആന്റണി<br>തുക 92,768/-രൂപ |

3) വേസ്റ്റ് മാനേജ് മെന്റ് ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 0264/21 വേസ്റ്റ് മാനേജ് മെന്റ് ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,16,000/-രൂപ<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് തുക | 94,766/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 211/09.09.2020 |
| കരാറുകാരന്റെ പേര് | ഗണേഷ് പ്രസാദ്<br>തുക94,766/- രൂപ (അക്കൗണ്ട്നം. 40617100000338) |

4) സ്ഥലം കശുവണ്ടി ഉൾപാദന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ

| | |
|---|---|
| പ്രോജക്ട് നം. / പേര് | 0265/21 സ്ഥലം കശുവണ്ടി ഉൾപാദനാ കേന്ദ്രം ഇലക്ട്രിഫിക്കേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,98,000/-രൂപ<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് തുക | 1,66,875/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 212/09.09.2020 |
| കരാറുകാരൻ അക്കൗണ്ട് നം.40617100000338 | ഗണേഷ് പ്രസാദ്<br>തുക 1,66,875/-രൂപ |

5) അരമംഗില പട്ടിക വർഗ്ഗ കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ

| | |
|---|---|
| പ്രോജക്ട് നം. / പേര് | 0263/21 അരമംഗില പട്ടിക വർഗ്ഗ കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 83,000/-രൂപ<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് തുക | 83,000/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 210/ 09.09.2020 |
| കരാറുകാരൻ | സുബിൻ ആന്റണി<br>തുക 83,000/-രൂപ (അക്കൗണ്ട് നം.0321081000010049) |

മേൽ പ്രൊജക്ടുകൾക്ക് വേണ്ടി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്ന് 5,28,854/-രൂപ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതീകരണം നിർവ്വഹണത്തിനായി സാങ്കേതികാനുമതിയും, എസ്റ്റിമേറ്റും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പൊതു മരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാരനെ നിയമിച്ചിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ മേൽനോട്ടത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ നൽകേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചതും, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള സി.ഡി. ചാർജ്ജ് ഒടുക്കിയ രേഖകൾ, വൈദ്യുതി കണക്ഷൻ നൽകിയ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ 5,28,854/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03 /05.10,2021)

## 1-23 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ഐ.കെ.എം. നുള്ള പഞ്ചായത്തിന്റെ വിഹിതമായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക

കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0001/2020<br>ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 26/<br>26.02.2021<br>2,03,211/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഐ.കെ.എം ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക 2,03,211/ -രൂപ തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 03 / 05.10,2021)

**1-24 തെരുവ് വിളക്ക് ലൈൻ വലിച്ച് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ**

1)സ്ഥലം കശുവണ്ടി ഉൽപാദന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ

| | |
|---|---|
| പ്രോജക്ട് നം. /പേര് | 0267/21 സ്ഥലം കശുവണ്ടി ഉൾപാദന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 34,563/-രൂപ<br>തനത് ഫണ്ട് |
| ചെലവ് തുക | 34,510/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 209/24.08.2020 |
| തുക നൽകിയത് | അസിസ്റ്റന്റ് എൻജിനിയർ, പെർള സെക്ഷൻ അക്കൗണ്ട് നം.4213317000072<br>തുക 34,510 /- രൂപ |

ഗ്രാമ പഞ്ചായത്തിലെ സ്ഥലം കശുവണ്ടി ഉൽപാദന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ പ്രകാരം തെരുവ് വിളക്ക് ലൈൻ വലിച്ച് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം.DB-21/ 2019-20/ AEE/ESD/ CKL/AS/ 23/ Dt.16.08.2019 പ്രകാരം ഈ പദ്ധതിക്കായി ആകെ 34,510/- രൂപയാണ് ചെലവ് വരുന്നത്. ഇതിനെ തുടർന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷൻ അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് 34,510/- രൂപ ഓൺലൈൻ ട്രാൻസ്ഫർ മുഖേന നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ 34,510/- രൂപ തടസ്സപ്പെടുത്തുന്നു.

2) ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് നം. / പേര് | 0144/21 ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കുന്നത് |
| നിർവ്വഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | 1,50,000/- രൂപ<br>ധനകാര്യ കമ്മിഷൻ ഫണ്ട് |
| ചെലവ് തുക | 1,45,165/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 456/18.03.2021 |
| തുക നൽകിയത് | അസിസ്റ്റന്റ് എൻജിനിയർ പെർള സെക്ഷൻ അക്കൗണ്ട് നം.4213317000072<br>1,45,165 /- |

ഗ്രാമ പഞ്ചായത്തിലെ ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ മാറ്റി സ്ഥാപിക്കാനുള്ളതാണ് ഈ പ്രോജക്റ്റ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം. DB1/ 2020/21/ PPS/195/ Dt.18.03.2021 പ്രകാരം ഈ പദ്ധതിക്കായി ആകെ 1,45,165/-രൂപയാണ് ചെലവ് . പ്രോജക്റ്റ് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷൻ അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് 1,45,165/- രൂപ ഓൺലൈൻ ട്രാൻസ്ഫർ മുഖേന നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റ് പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 1,45,165/- രൂപ തടസ്സപ്പെടുത്തുന്നു.

3) ബജക്കുടല്ലു ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | 0255/21 ബജക്കുടല്ലു ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കുന്നത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 30,000/-രൂപ<br>ധനകാര്യ കമ്മിഷൻ ഫണ്ട് |
| ചെലവ് തുക | 6,624/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 208/24.08.2020 |
| തുക നൽകിയത് | അസിസ്റ്റന്റ് എൻജിനിയർ പെർള സെക്ഷൻ അക്കൗണ്ട് നം.4213317000072<br>6,624 /- |

ഗ്രാമ പഞ്ചായത്തിലെ ബജക്കുടല്ലു ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ നീട്ടി സ്ഥാപിക്കാനുള്ളതാണ് ഈ പ്രോജക്റ്റ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം. DB1/2018-19/ ES-PRL/ PPS/2/ Dt.18.03.2021 പ്രകാരം ഈ പദ്ധതിക്കായി ആകെ 6,624/- രൂപയാണ് ചെലവ് വരുന്നത്. ഇത് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷൻ അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് 6,624/- രൂപ ഓൺലൈൻ ട്രാൻസ്ഫർ മുഖേന നിക്ഷേപിച്ചിട്ടുണ്ട്. താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1) ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷൻ സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കരാർ ഒപ്പിട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) ഈ പ്രൊജക്റ്റ് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 6,624/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03 / 05.10,2021)

**1-25 ബജക്കുട്ള, മഹാലിംഗേശ്വര റോഡ്,ബംഗപ്പദവ് , നൽക എന്നിവിടങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ**

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | 0272/21 – ബജക്കുട്ള മഹാലിംഗേശ്വര റോഡ്, ബംഗപ്പദവ് , നൽക എന്നിവിടങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,00,000/- രൂപ<br>ധനകാര്യ കമ്മിഷൻ ഫണ്ട് |
| ചെലവ് തുക | 2,99,874/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 379/10.02.2021 |
| തുക നൽകിയത് | Steel Industrials Kerala Limited അക്കൗണ്ട് നം.1175110110000063<br>2,99,874 /- |

ഗ്രാമ പഞ്ചായത്തിലെ ബജക്കുട്ള മഹാലിംഗേശ്വര റോഡ്, ബംഗപ്പദവ് , നൽക എന്നിവിടങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം Manager Steel Industries Kerala Limited-ന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് 2,99,874/- രൂപ ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്. താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1) ഈ പദ്ധതിക്കായി മിനിമാസ്റ്റ് ലൈറ്റ് വാങ്ങിയ ഇൻവോയ്സ് നമ്പരിലുള്ള ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കരാറും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഈ പദ്ധതി പ്രകാരം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മിനിമാസ്റ്റ് ലൈറ്റ് വാങ്ങിയതും ആസ്ഥി രജിസ്റ്ററിലും, സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തിട്ടുള്ള രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് ചെയ്ത 2,99,874/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03 / 05.10,2021)

**1-26 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ഹൈസ്പീഡ് സ്കാനർ പ്രിൻറർ ലാപ്ടോപ് അനുബന്ധ ഉപകരണങ്ങൾ**

| | |
|---|---|
| പ്രോജക്റ്റ് നം. | 444/21 - പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ , ഹൈസ്പീഡ് |

| | |
|---|---|
| / പേര് | സ്കാനർ, പ്രിന്റർ, ലാപ്ടോപ് അനുബന്ധ ഉപകരണങ്ങൾ-വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 5,50,000/-രൂപ<br>ധനകാര്യ കമ്മിഷൻ ഫണ്ട് |
| ചെലവ് തുക | 2,52,385/- രൂപ + 53,400 രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 47/24.03.2021 |
| തുക നൽകിയത് | കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ - അക്കൗണ്ട് നം.799011400003959 തുക 2,52,385 /- രൂപ<br>കോർപറേഷൻ ബിസിനസ് സൊല്യൂഷൻ – അക്കൗണ്ട് നം. 361701010320680 തുക 53,400/- രൂപ |

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഹൈസ്പീഡ് സ്കേനർ, പ്രിൻറർ ,ലാപ്ടോപ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 23.3.2021 തിയതിയിലെ ഇൻവോയ്സ് നമ്പർ 25622/18.02.2021 പ്രകാരം 5 Windows Desktop വാങ്ങിയതിന് 2,52,385/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്. കൂടാതെ കോർപറേഷൻ ബിസിനസ് സൊല്യൂഷനിൽ നിന്നും അനുബന്ധ ഉപകരണങ്ങൾ (ഇൻവോയ്സ് നമ്പർ CLT-1934/25.03.2021) വാങ്ങിയതിന് 53,400/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ വാങ്ങിയ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് & ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കരാർ ഒപ്പിട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്. സ്റ്റോക്ക് & ആസ്തി രജിസ്റ്റർ അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ 2,52,,385/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03 /05.10,2021)

## 1-27 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ / ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000/- രൂപ, കൂടിയത് 25,000/- രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് പിഴ കൂടാതെ കരാറിൽ ഏർപ്പെടാവുന്ന കാലയളവും പിന്നിട്ട ശേഷമാണ്. ചില പ്രവൃത്തികളിൽ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്ന സമയത്തിനു ശേഷവും ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാർ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ

ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 10തീയ്യതി 06-10-2021)

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറു കാരൻ, കരാർ തുക, കരാർ നം, തിയതി | സെലക്ഷൻ നോട്ടീസ് നമ്പർ, തിയതി രജിസ്റ്റർ ചെയ്ത തിയതി | പിഴയില്ലാതെ കരാറിൽ ഏർപ്പെടാമായിരുന്ന തിയതി | കരാർ തിയതി | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 0305/ 20-21-ബജകുടല് പള്ള കാന കുടിവെള്ളം പദ്ധതി.<br>കരാറുകാരൻ- കെ.അബ്ദുൾ റഹ്മാൻ<br>കരാർ നം, തിയതി- 83/AE/LSGD/EMG/2018-19 Dt-28-02-2019<br>കരാർ തുക- 2,36,441 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 05-02-2019 | 28-02-2019 | 2364 |
| 2 | പ്രോജക്ട് നം. 414/ 20-21 നടുബയിൽ എസ്.ടി.കോളനി റോഡ് കൾവെർട്ട് നിർമ്മാണം.<br>കരാറുകാരൻ- കെ.അബ്ദുൾ റഹ്മാന്<br>കരാർ നം, തിയതി- 21/AE/LSGD/ EMG/20-21 Dt-30-10-2020<br>കരാർ തുക- 1,13,180 | നമ്പർ ഇല്ല, തിയതി 01-10-2020<br>രജിസ്റ്റർ ചെയ്ത തിയതി- 01-10-2020 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോ ളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 15-10-2020 | 30-10-2020 | 1756 |
| 3 | പ്രോജക്ട് നം. 0332/ 20-21 മണിയംപാറ കുതിരടുക്ക റോഡ് പുനരുദ്ധരണം<br>കരാറുകാരൻ- ഹസൈനാർ പി.<br>കരാർ നം, തിയതി- 72/AE/ LSGD/ EMG/ 2020-21 Dt-13-03-2020 കരാർ തുക- 2,08,766 | നമ്പർ ഇല്ല, തിയതി 25-02-2020<br>രജിസ്റ്റർ ചെയ്ത തിയതി- 25-02-2020 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 12-03-2020 | 13-03-2020 | 2088 |
| 4 | പ്രോജക്ട് നം. 0344/ 20-21 കൊരങ്ങടുക്ക കുടിവെള്ള പദ്ധതി.<br>കരാറുകാരൻ-മൂസ.എം.<br>കരാർ നം, തിയതി-<br>90/AE/LSGD/ EMG/ 2020-21 Dt- 24-08-2020<br>കരാർ തുക- 3,56,974 | നമ്പർ ഇല്ല, തിയതി 10-06-2020<br>രജിസ്റ്റർ ചെയ്ത തിയതി- 10-06-2020 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 24-06-2020 | 24-08-2020 | 3,570 |
| 5 | പ്രോജക്ട് നം. 0092/ 20-21 പട്യാനാ മറാട്ടഗിരി റോഡ് ഇംപ്രൂമെന്റ്<br>കരാറുകാരൻ - മുഹമ്മദ്<br>കരാർ നം, തിയതി-<br>22/AE/LSGD/ EMG/2020-21 Dt-30-10-2020<br>കരാർ തുക- 2,97,000 | നമ്പർ ഇല്ല, തിയതി 01-10-2020<br>രജിസ്റ്റർ ചെയ്ത തിയതി- 01-10-2020 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 15-10-2020 | 30-10-2020 | 2970 |

| | | | | | |
|---|---|---|---|---|---|
| 6 | പ്രോജക്ട് നം.317/ 20-21 ചന്ദ്രക്കാന കുടിവെള്ള പദ്ധതി.<br>കരാറുകാരൻ കെ. അബ്ദുൾ റഹ്മാൻ<br>കരാർ നം, തിയതി-<br>90/AE/LSGD/EMG/2018-19 Dt-28-02-2019<br>കരാർ തുക- 1,92,963 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 04-02-2019 | 28-02-2019 | 1930 |
| 7 | പ്രോജക്ട് നം.310/ 20-21 കജംപാടി സ്കൂൾ കുടിവെള്ളം പദ്ധതി.<br>കരാറുകാരൻ കെ. അബ്ദുൾ റഹ്മാന്.<br>കരാർ നം, തിയതി-<br>91/AE/LSGD/EMG/2018-19 Dt-28-02-2019<br>കരാർ തുക- 1,25,700 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 04-02-2019 | 28-02-2019 | 1257 |
| 8 | പ്രോജക്ട് നം.311/ 20-21 ബെർമൂല അംഗൻവാടി കുടിവെള്ള പദ്ധതി.<br>കരാറുകാരന് കെ. അബ്ദുൾ റഹ്മാന്.<br>കരാർ നം, തിയതി-<br>82/AE/LSGD/EMG/2018-19 Dt-28-02-2019<br>കരാർ തുക- 1,23,196 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 04-02-2019 | 28-02-2019 | 1232 |
| 9 | പ്രോജക്ട് നം. 319/ 20-21 സെറാജെ കുടിവെള്ള പദ്ധതി.<br>കരാറുകാരൻ കെ. അബ്ദുൾ റഹ്മാന്.<br>കരാർ നം, തിയതി-<br>94/AE/LSGD/EMG/2018-19 Dt-28-02-2019 കരാർ തുക- 2,00,014 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 04-02-2019 | 28-02-2019 | 2000 |
| | | | | ആകെ | 19,167 |

**1-28 പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം. | 0002/20 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് തുക | 4,35,000 |
| ബിൽ നമ്പർ, തീയതി | 204/11-04-2020 |

വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്കായി ആകെ 4,35,000/- രൂപയാണ് വകയിരുത്തി ചെലവഴിച്ചത്. 100 പേർക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് 3686.42/- രൂപ നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. 2020-21 വർഷത്തിൽ 4,35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണത്തിനായി കൊണ്ടു വന്ന കട്ടിലുകളിൽ 100 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. KKD/589 തി.17.03.2020, KKD/494/ തി.04.03.2020, KKD/ 462/ തി. 25.02.2020 പ്രകാരം ആകെ 100 കട്ടിൽ വിതരണം ചെയ്യുകയും ആകെ 4,35,000/- രൂപ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67099281397 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

**1)** ജി.ഒ.(പി) നം.259/ 2010/ ത.സ്വ.ഭ.വ. തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**2)** മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

**3)** ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ഭരണസമിതി ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ കട്ടിൽ ഗുണനിലവാരം പരിശോധിച്ചത് എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**4)** പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**5)** പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

**6)** പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം സ്റ്റോക്കിൽ രേഖപെടുത്തിട്ടില്ല.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7തീയ്യതി 06-10-2021)

## 1-29 പട്ടിക ജാതിവിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 0247/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് തുക | 1,74,000 |
| ബിൽ നമ്പർ, തീയതി | 327/21 30-01-21 |

വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി ആകെ 1,74,000/- രൂപയാണ് വകയിരുത്തി ചെലവഴിച്ചത്. 40 പേർക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതി 0247/21 പ്രകാരം ടെണ്ടർ

നടപടി ക്രമങ്ങളിലൂടെ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് 3686.42/- നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. 2020-21 വർഷത്തിൽ 1,74,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണത്തിനായി കൊണ്ടുവന്ന കട്ടിലുകളിൽ 40 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. KKD/23 തി.11.06.2020, പ്രകാരം ആകെ 40 കട്ടിൽ വിതരണം ചെയ്യുകയും ആകെ 1,74,000/- രൂപ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67099281397 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

**1)** ജി.ഒ.(പി) നം.259/ 2010/ ത.സ്വ.ഭ.വ. തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിൽ കവിഞ്ഞ് മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**2)** മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

**3)** ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ഭരണസമിതി ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ കട്ടിൽ ഗുണനിലവാരം പരിശോധിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**4)** പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**5)** പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

**6)** പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം സ്റ്റോക്കിൽ രേഖപെടുത്തിയിട്ടില്ല.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7തീയ്യതി 06-10-2021)

## 1-30 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 33 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, മുളിയാർ (അക്കൗണ്ട് നം.67221730198) എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 21,847.5 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 15,66,194.5/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കടത്തു കൂലി ഇനത്തിൽ 54,619/- രൂപ നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക്

വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 04/02.09.2021)

**1-31 വയോജനങ്ങൾക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകത-**

നിർവ്വഹണ ഉദ്യോഗസ്ഥൻ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രോജക്ട് നമ്പർ : 0120/2021 (2020/21) & 0026/2021 (2020/21)

പ്രോജക്ടിന്റെ പേര്: വയോജനങ്ങൾക്ക് കട്ടിൽ

ബിൽ നമ്പർ : 1) 01/20.05.2020-ചെലവ് തുക: 3,91,500/- രൂപ

ബിൽ നമ്പർ : 2) 21/09.11.2020-ചെലവ് തുക: 1,43,550/- രൂപ

ബിൽ നമ്പർ : 3) 19/26.03.2021 -ചെലവ് തുക: 3,82,752/- രൂപ

ആകെ ചെലവ് തുക: 9,17,802/-

| പ്രോജക്ട് നം. / പദ്ധതിയുടെ പേര് | ചെലവ് തുക | ട്രഷറി ബിൽ നമ്പർ, തീയതി | തുക നൽകിയത് | വാങ്ങിയ കട്ടിലുകളുടെ എണ്ണം |
|---|---|---|---|---|
| 0120/21 – വയോജനങ്ങൾക്ക് കട്ടിൽ | 1,95,750 | 01/26.5.2020 | ആർട്ട്കോ കോഴിക്കോട് അക്കൗണ്ട് നം 67099281397<br>IN No.KKD 414/ 14.2.2020 | 45 |
| 0120/21 – വയോജനങ്ങൾക്ക് കട്ടിൽ | 1,95,750 | 01/26.5.2020 | ആർട്ട്കോ കോഴിക്കോട് അക്കൗണ്ട് നം 67099281397<br>IN No.KKD 414/14.2.2020 | 45 |
| 0220/21 വയോജനങ്ങൾക്ക് കട്ടിൽ | 1,43,550 | 21/9.11.2020Tty 80/20.5.2020 | ആർട്ട്കോ കോഴിക്കോട് അക്കൗണ്ട് നം 67099281397<br>No.KKD 461/14.2.2020 | 33 |
| 0026/21 വയോജനങ്ങൾക്ക് കട്ടിൽ | 3,82,752 | 19/26.3.2021/Try.482/26.3.2021 | ആർട്ട്കോ കോഴിക്കോട് അക്കൗണ്ട് നം 0808201005758<br>No.NRO/ SALES/ | 88 |

| | | | | |
|---|---|---|---|---|
| | | | 767/18.03.2021 | |
| ആകെ | 9,17,802 | NIL | NIL | 211 എണ്ണം |

വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്കായി ആകെ 9,17,802/- രൂപയാണ് വകയിരുത്തി ചെലവഴിച്ചത്. 211 പേർക്ക് കട്ടിൽ നൽകുന്നതിനാണ് രണ്ട് പദ്ധതികൾ വിഭാവനം ചെയ്തിരുന്നത്. 2020-21 വർഷത്തിൽ 9,17,802/- രൂപയുടെ ചെലവാണുണ്ടായത്. വിതരണത്തിനായി കൊണ്ടുവന്ന കട്ടിലുകളിൽ 211 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

<u>ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.</u>

1) ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) ഗുണഭോക്താകളുടെ ആപേക്ഷകളും വയസ്സ് തെളിയുക്കുന്ന രേഖകളും, ഐ.സി.ഡി.എസ്.സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താകൾക്ക് കട്ടിലുകൾ കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

3) ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ഭരണസമിതി ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ കട്ടിൽ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

6) പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് ബുക്കിൽ ചേർത്ത് ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

